## വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 13/10/2020 തീയതിയിലെ WCD/E8/6975/2020 നമ്പർ ഉത്തരവ്

2) വനിതാ ശിശുവികസന ഡയറക്ടറുടെ 20/07/2025 തീയതിയിലെ DWCD/3/2025-E7 നമ്പർ ഉത്തരവ്

3) ശ്രീ.ഷംസീർ.കെ,ഹെഡ് അക്കൗണ്ടന്റിന്റെ 16/07/2025 തീയതിയിലെ അപേക്ഷ

**ഉത്തരവ് നം. DWCD/6/2025-E7 തീയതി: 23-07-2025**

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം(2) പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പരാമർശം(1) പ്രകാരമുള്ള സീനിയർ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.(79) വരെയുള്ളവർക്ക് ഇതിനോടകം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന ജീവനക്കാർക്ക് ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി നം.(80) ശ്രീ സുനിൽകുമാർ റ്റി.പി

സീനിയോരിറ്റി നം.(81) ശ്രീ വിജീഷ് തെക്കേടത്ത്

ഈ സാഹചര്യത്തിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (3) പ്രകാരം ലഭിച്ച സ്ഥലംമാറ്റ അപേക്ഷയും 2025ലെ പൊതുസ്ഥലംമാറ്റ അപേക്ഷകളും പരിഗണിച്ച് ചുവടെ പറയുംപ്രകാരം സ്ഥലംമാറ്റം അനുവദിച്ചും ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള സീനിയർ ക്ലർക്കുമാർക്ക് KS&SSR ചട്ടം 28A(1) പ്രകാരം 39300-83000 രൂപ ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്ഥലംമാറ്റം**

| ക്രമ നം | പേര് ,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീമതി സിനി പി.ബി<br>ഐ.സി.ഡി.എസ് കൽപ്പറ്റ | ഐ.സി.ഡി.എസ്<br>തലശ്ശേരി | അപേക്ഷ (2025-പൊതുസ്ഥലംമാറ്റ അപേക്ഷ) |
| 2 | ശ്രീ ഷംസീർ കെ<br>ജില്ലാവനിതാ ശിശുവികസന ഓഫീസ്,ഇടുക്കി | ഐ.സി.ഡി.എസ് കൽപ്പറ്റ | അപേക്ഷ |

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീ സുനിൽകുമാർ റ്റി.പി<br>സീനിയർ ക്ലർക്ക്<br>ഐ.സി.ഡി.എസ് തളിപ്പറമ്പ് അഡീഷണൽ-II<br>പെൻ നം 667288 | ഹെഡ് അക്കൗണ്ടന്റ്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്,ഇടുക്കി |
| 2 | ശ്രീ വിജീഷ് തെക്കേടത്ത്<br>സീനിയർ ക്ലർക്ക്<br>ജില്ലാ വനിതാ ശിശുവികസന ഓഫീസ്,മലപ്പുറം<br>പെൻ നം.615664 | ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ് |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണയത്തിനും നിയമാനുസൃത പ്രവേശന കാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. ഉദ്യോഗക്കയറ്റം/സ്ഥലം മാറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS
**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട്-ഐ.റ്റി. സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by
Chithra T
Date: 23-07-2025 12:55:48
സൂപ്രണ്ട്